# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>നടപ്പിലാക്കിയിട്ടില്ലാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങൾ</u>

2114 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഇതുവരെയുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിലെ നിർദ്ദേശങ്ങളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) ഓരോ വർഷവും അവതരിപ്പിച്ച ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ എത്രയായിരുന്നു; നടപ്പിലാക്കാൻ സാധിക്കാതെ വന്നവ എത്രയായിരുന്നു. ഏതൊക്കെ;

(സി) ബഡ്ജറ്റ് നിർദ്ദേശം സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയല്ലാതെ നടപ്പിലാക്കാൻ സാധിക്കാതെ വന്നവ എത്ര; ഏതൊക്കെ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വികസനത്തിനാവശ്യമായ വിഭവസമാഹരണം</u>

2115 ശ്രീ. എം. എ. ബേബി
,, പി. ശ്രീരാമകൃഷ്ണന്‍
,, പി. റ്റി. എ. റഹീം
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വികസന പ്രവര്‍ത്തനങ്ങള്‍ക്കും ക്ഷേമ പദ്ധതികള്‍ക്കും ആവശ്യമായ വിഭവ സമാഹരണം സാധ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിഭവ സമാഹരണം വര്‍ദ്ധിപ്പിക്കുന്നതിന് പുതിയ നിര്‍ദ്ദേശങ്ങള്‍ നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) അധികവിഭവസമാഹരണത്തിനുള്ള എന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് സര്‍ക്കാരിന് ലഭിച്ചിട്ടുള്ളത്; വിവിധ വകുപ്പുകള്‍ സമര്‍പ്പിച്ചിട്ടുള്ള നിര്‍ദ്ദേശങ്ങളിന്മേല്‍ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

2013-14 ലെ ബഡ്ജറ്റ് അലോട്ട്മെന്റ് പ്ലാൻ

2116 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(2013-14)-ലെ ബഡ്ജറ്റ് അലോട്ട്മെന്റ് ഇനത്തിൽ ഏറ്റവും കുറവ് തുക ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാം;ചെലവഴിക്കാൻ ബാക്കി എത്ര; വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>റവന്യൂ വരുമാനം</u>

2117 ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം റവന്യൂ വരുമാനം ഏറ്റവും കുറവ് ഉണ്ടായത് ഏത് ഇനത്തിലാണ്;

(ബി) റവന്യൂ വരുമാനത്തിൽ കുറവുണ്ടാകാൻ കാരണമെന്തെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

റവന്യൂ ചെലവും ശമ്പളവും പെൻഷനും

2118 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14 ലെ മൊത്തം റവന്യൂ ചെലവിന്റെ എത്ര ശതമാനമാണ് ശമ്പളത്തിനും പെൻഷനും വേണ്ടി വരുന്നത്;വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>നികുതി കുടിശ്ശിക</u>

2119 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ 2013-14 വര്‍ഷത്തെ പൊതുകടം എത്രയാണെന്നും ഒരു വര്‍ഷം കൊണ്ട് എത്ര കോടി രൂപയുടെ വര്‍ദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) നിലവില്‍ എത്ര കോടി രൂപയുടെ നികുതി-റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) 2013-14 സാമ്പത്തിക വര്‍ഷത്തില്‍ 10 ലക്ഷത്തില്‍ കൂടുതല്‍ നികതി -റവന്യൂ കുടിശ്ശികയുള്ള എത്ര വ്യക്തികള്‍ക്കും സ്ഥാപനങ്ങള്‍ക്കും സ്റ്റേ അനുവദിച്ചിട്ടുണ്ടെന്നും അത് ആര്‍ക്കൊക്കെയാണെന്നും വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ കുടിശ്ശികയില്‍ ഇതുവരെ എത്ര കോടി പിരിച്ചെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഇ) 10 ലക്ഷത്തില്‍ കൂടുതല്‍ നികുതി കുടിശ്ശികയുള്ള വ്യക്തികള്‍ സ്ഥാപനങ്ങള്‍ ഇവ ഏതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>2013-14-ലെ നികുതി ചോർച്ച</u>

2120 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ വിവിധ ഇനങ്ങളിലായി ഉണ്ടായ നികുതി ചോർച്ച എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ചെക്ക് പോസ്റ്റുകളിൽ ടി കാലയളവിൽ നികുതി വരുമാനത്തിൽ കുറവ് വന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ ധനസ്ഥിതി</u>

2121 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതി തൃപ്തികരമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) നടപ്പു സാമ്പത്തികവർഷം സംസ്ഥാനത്ത് ഒരു സാമ്പത്തിക പ്രതിസന്ധി സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ;

(സി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പ്രത്യേക സാമ്പത്തിക സഹായം</u>

2122 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ബി. ഡി. ദേവസ്സി
ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രത്യേക സാമ്പത്തിക സഹായം ഉള്‍പ്പെടെയുള്ള സംസ്ഥാനത്തിന്റെ ആവശ്യങ്ങള്‍ കേന്ദ്രസര്‍ക്കാര്‍ പരിഗണിക്കുയുണ്ടായിട്ടുണ്ടോ;

(ബി) ഈ സര്‍ക്കാര്‍ ഏതെല്ലാം ഘട്ടങ്ങളില്‍ എന്തെല്ലാം ആവശ്യങ്ങള്‍ക്കായി എത്ര കോടി വീതം സാമ്പത്തിക സഹായത്തിനായി കേന്ദ്രത്തോട് അഭ്യര്‍ത്ഥന നടത്തുകയുണ്ടായി; അവ വിശദമാക്കാമോ; എത്ര കോടി വീതം അനുവദിച്ചു കിട്ടുകയുണ്ടായി;

(സി) എഴുതി തള്ളുന്നതിനായി സംസ്ഥാന, കേന്ദ്ര സര്‍ക്കാരിനോട് ആവശ്യപ്പെട്ടത് ഏതൊക്കെ തുകയായിരുന്നു; എതെല്ലാം എഴുതി തള്ളുകയുണ്ടായി;

(ഡി) സംയോജിത റോഡ് വികസനത്തിനായി 500 മില്യന്‍ യ. എസ്. ഡോളറിന്റെ എ. ഡി.ബി ധനസഹായം അനുവദിക്കുകയുണ്ടായോ;

(ഇ) കൊച്ചി മെട്രോയ്ക്ക് ആവശ്യപ്പെട്ടത് എത്ര; കിട്ടിയത് എത്ര;

(എഫ്) പവര്‍ ഹൗസുകളുടെ നവീകരണത്തിനായി ആവശ്യപ്പെട്ടത് എത്ര; കിട്ടിയത് എത്ര?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തിന്റെ കടം</u>

2123 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മേയ് 31 വരെ സംസ്ഥാനത്തിന്റെ മൊത്തം കടം എത്രയാണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വാർഷിക കടവർദ്ധന നിരക്ക് എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ കടം</u>

2124 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിലവിലുള്ള മൊത്തം കടം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന കടത്തിന്റെ എത്ര ശതമാനമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>റവന്യൂ കമ്മി</u>

2125 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം റവന്യൂ കമ്മി കുത്തനെ ഉയർന്നത് ധനവകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമായി;

(സി) ഇത് എത്ര കോടി രൂപ; ഇത് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനേക്കാൾ എത്ര കൂടുതൽ; വ്യക്തമാക്കുമോ;

(ഡി) ടി വർഷം നികുതി വരുമാനത്തിൽ ലഭിച്ച ആകെ തുക എത്ര; പ്രതീക്ഷിച്ച നികുതി വരുമാനം എത്രയായിരുന്നു; എത്ര കോടി രൂപയുടെ കുറവാണ് വന്നിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഇ) നികുതി വരുമാനം കുറഞ്ഞതാണ് റവന്യൂ കമ്മി ഉയരാൻ കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ 2014-15 നടപ്പുവർഷം ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക</u>

2126 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-14 വർഷത്തെ ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനക്ഷേമപദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയാണെന്നും ഇതിൽ എത്ര തുക അനുവദിച്ചുവെന്നും പറയാമോ;

(ബി) അനുവദിച്ച തുക മുഴുവൻ ഈ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം</u>

2127 ശ്രീ. വി. ശിവൻകുട്ടി
,, സാജു പോൾ
,, എ. പ്രദീപ്കുമാർ
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന് വേണ്ട സംസ്ഥാന വിഹിതം നൽകാത്തതിന്റെ പേരിൽ പദ്ധതി നടത്തിപ്പ് അവതാളത്തിലായിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ സംസ്ഥാന വിഹിതം നൽകുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനവിഹിതം നൽകാൻ കഴിയാത്ത സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുമൂലം കേന്ദ്ര പദ്ധതികളിലെ അടുത്ത വിഹിതം ലഭിക്കുന്നതിന് സാധിക്കാതെ വരുമോ; വിശദാംശം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>സംസ്ഥാനത്ത് നപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

2128 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഓരോന്നിനുമായി വകയിരുത്തിയ തുക വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കുമായി അനുവദിച്ച കാലാവധി എത്ര; നിശ്ചയിച്ച കാലാവധിയ്ക്കുള്ളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കേന്ദ്രഫണ്ടിൽ നിന്ന് 2013-2014 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച തുക എത്ര; ചെലവഴിച്ചത് എത്ര; ചെലവഴിക്കാത്തത് എത്ര; ഓരോന്നും കാരണം സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ക്ഷേമപദ്ധതികളുടെ കുടിശ്ശിക</u>

2129 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ച് 31 ന് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ, സർക്കാർ ഏതെല്ലാം ഇനത്തിൽ എന്ത് തുക കൊടുത്തുതീർക്കാനായി കുടിശ്ശിക ആയിട്ടുണ്ടായിരുന്നു; വിശദമാക്കാമോ;

(ബി) വിവിധ ക്ഷേമപദ്ധതികളുടെ കുടിശ്ശിക എത്ര; സഹകരണ/വാണിജ്യ ബാങ്കുകൾക്ക് തിരിച്ച് നൽകാനുള്ള കുടിശ്ശിക എത്ര?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പ്രാദേശികമായി മുൻഗണനയുള്ള ചെറുകിട പദ്ധതികൾ</u>

2130 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാദേശികമായി മുൻഗണനയുള്ള ചെറുകിട പദ്ധതികൾ തദ്ദേശതലത്തിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയുടെ ഭാഗമായി 2013-14 സാമ്പത്തികവർഷം എത്ര രൂപയുടെ അനുമതി സർക്കാർ നൽകിയിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

പദ്ധതിനിര്‍വ്വഹണത്തില്‍ കാലതാമസം ഒഴിവാക്കുന്നതിന് നടപടി

2131 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2014 ജനുവരി മുതല്‍ പദ്ധതി നിര്‍വ്വഹണത്തില്‍ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ്;

(ബി) വിവിധ വകുപ്പുകളിലെ എത്ര ഉദ്യോഗസ്ഥര്‍ക്കാണ് പദ്ധതി നിര്‍വ്വഹണത്തില്‍ വിദഗ്ധ പരിശീലനം നല്‍കിയത് ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

2013 -14 സാമ്പത്തിക വർഷത്തെ പ്ലാൻ - നോൺപ്ലാൻ ഫണ്ട് വിനിയോഗം

T2132 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2013 -14 സാമ്പത്തിക വർഷത്തെ പ്ലാൻ - നോൺപ്ലാൻ ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വകുപ്പ് തിരിച്ച് ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഓരോ വകുപ്പിലേയും പ്ലാൻ - നോൺ പ്ലാൻ തിരിച്ച് വകയിരുത്തിയ തുകയുടെ വിശദാംശവും ചെലവഴിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കുമോ;

(സി) പട്ടികജാതി - പട്ടികവർഗ്ഗ വികസനവകുപ്പിന്റെ പ്ലാൻ ഫണ്ട് ചെലവ് ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ലോക്കൽ ഫണ്ട് ഓഡിറ്റിനെ സംസ്ഥാനത്തിന്റെ ഓഡിറ്റ് വകുപ്പാക്കാൻ നടപടി

2133 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നവീകരണം ലക്ഷ്യമിട്ട് എന്തെല്ലാം കാര്യങ്ങൾ പ്രാവർത്തികമാക്കിയെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത വകുപ്പിന്റെ ഓഡിറ്റ് പ്രവൃത്തികൾ ഏതെല്ലാം സ്ഥാപനങ്ങളിലാണ് നിലവിൽ നിർവ്വഹിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ മാന്വൽ തയ്യാറാക്കാൻ പദ്ധതിയുണ്ടോ ; വിശദാംശങ്ങൾ നല്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ഓഡിറ്റ് വകുപ്പായി ലോക്കൽ ഫണ്ട് ഓഡിറ്റിനെ ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>2014-2015 ബഡ്ജറ്റില്‍ ഉള്‍പ്പെടുത്തിയിട്ടുള്ള പ്രവൃത്തികള്‍</u>

2134 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2014-2015 സാമ്പത്തികവര്‍ഷത്തിലെ സംസ്ഥാന ബഡ്ജറ്റില്‍ ഉള്‍പ്പെടുത്തിയിട്ടുള്ള പ്രവൃത്തികള്‍ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് വിവിധ തലങ്ങളില്‍ സ്വീകരിക്കപ്പെടേണ്ടത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന പദ്ധതി</u>

2135 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13, 2013-14 വർഷങ്ങളിൽ എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിൽ ആസ്തിവികസന പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>

2136 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന പദ്ധതിപ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ അമ്പലപ്പുഴ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) ആസ്തിവികസന പദ്ധതിപ്രകാരം ഭരണാനുമതി നൽകിയ 'കാപ്പി തോടിന്റെ നവീകരണം' പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആയത് റദ്ദാക്കാൻ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതി നൽകിയ ശേഷം നടപ്പാക്കാൻ കഴിയാത്ത പ്രവൃത്തികൾ റദ്ദ് ചെയ്ത് പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കുമോ;

(ഡി) 2013-14 സാമ്പത്തിക വർഷം സമർപ്പിച്ചതും ഭരണാനുമതി നൽകുന്നതിനായി ശുപാർശ ചെയ്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

2013-14 കാലയളവിൽ എ.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്

2137 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഇല്ല എങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനാവശ്യമായ പ്രത്യേക നിർദ്ദേശം കൊടുക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

വിവിധ വകുപ്പുകൾക്കു ബഡ്ജറ്റിൽ വകയിരുത്തിയ തുക

T2138 ശ്രീ. ജി.സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-2014 സാമ്പത്തിക വർഷങ്ങളിൽ ഓരോ വകുപ്പിനും ബജറ്റിൽ വകയിരുത്തിയ തുക എത്ര; തുകയുടെ എത്ര ശതമാനം വീതം ഓരോ സാമ്പത്തിക വർഷവും ഓരോ വകുപ്പും ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവുകളിൽ കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിനും വകയിരുത്തിയ തുക എത്രയായിരുന്നു; അതിൽ എത്ര ശതമാനം വീതം ഓരോ വകുപ്പും ചെലവഴിച്ചു; അതിൽ ചെലവഴിക്കാതെപോയ തുക എത്ര ശതമാനം വീതമായിരുന്നുവെന്ന് വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ നിർദ്ദേശം</u>

2139 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പദ്ധതിയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ വകുപ്പിനും ഈ പദ്ധതിയിലുൾപ്പെടുത്തി എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും ഓരോ വകുപ്പിനും അനുവദിക്കുന്ന തുക എന്ത് ആവശ്യത്തിനാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട് വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

2140 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മണ്ഡല ആസ്തി വികസന ഫണ്ട് എന്നാണ് പ്രഖ്യാപിച്ചത്;

(ബി) ഈ നിയമസഭാ കാലയളവില്‍ 25 കോടി രൂപ ഓരോ മണ്ഡലത്തിലും ചെലവഴിക്കും എന്ന പ്രഖ്യാപനം യാഥാര്‍ത്ഥ്യമാകുമോ;

(സി) ഇല്ലെങ്കില്‍ ഈ നിയമസഭാ കാലയളവില്‍ 25 കോടി രൂപയും ആസ്തി വികസന ഫണ്ടില്‍ ഉള്‍പ്പെടുത്തി അനുവദിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>പ്രാദേശിക വികസന ഫണ്ട് വിനിയോഗം</u>

2141 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.എൽ.എ മാരുടെ പ്രാദേശികവികസന ഫണ്ട് വിനിയോഗിച്ച് സാംസ്കാരിക നിലയങ്ങൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, എയ്ഡഡ് സ്കൂളുകൾ എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുന്നതിനും മറ്റു പദ്ധതികൾ നടപ്പിലാക്കുന്നതിനും അനുമതി നൽകിക്കൊണ്ടുള്ള ഒരു ഉത്തരവ് പൊതുതാല്പര്യം കണക്കിലെടുത്തു പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

മണ്ഡല ആസ്തി വികസനഫണ്ടിൽ നിന്നും തുക
അനുവദിക്കാവുന്ന പദ്ധതികൾ

2142 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കമ്മ്യൂണിറ്റിഹാൾ, കൊമേഴ്സ്യൽ കോംപ്ലക്സ്, സർക്കാർ - എയിഡഡ് സ്കൂളുകൾക്ക് ബസ്സുകൾ, ലൈബ്രറി കെട്ടിടങ്ങൾ എന്നിവയ്ക്കായി മണ്ഡല ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ശമ്പള പരിഷ്കരണകമ്മീഷന്റെ മന്ദഗതിയിലുള്ള പ്രവർത്തനം</u>

T2143 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനു വേണ്ടി നിയമിച്ച കമ്മീഷന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

ശമ്പളപരിഷ്ക്കരണത്തിന്റെ ടേംസ് ഓഫ് റഫറൻസ്

T2144 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പത്താം ശമ്പളപരിഷ്ക്കരണം 01-07-2014 മുതൽതന്നെ പ്രാബല്യം നൽകിക്കൊണ്ട് സമയബന്ധിതമായി ഉത്തരവ് പുറപ്പെടുവിക്കുമോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) ശമ്പളപരിഷ്ക്കരണത്തിന്റെ ടേംസ് ഓഫ് റഫറൻസ് സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് അന്തിമ രൂപം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ശമ്പളപരിഷ്ക്കരണമല്ല പകരം ഭരണപരിഷ്ക്കാരമാണ് വേണ്ടതെന്നുള്ള പത്താം ശമ്പള കമ്മീഷൻ ചെയർമാന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ;

(ഡി) സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ പത്താം ശമ്പള കമ്മിഷന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ നിർവ്വഹണം</u>

2145 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.04.2013 - ന് ശേഷം സംസ്ഥാനത്ത് എത്ര പേർ സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചെന്ന് വെളിപ്പെടുത്തുമോ;

(ബി) 1.04.2013-ൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ ഇനത്തിൽ നാളിതുവരെ എന്തു തുക സർക്കാർ പിരിച്ചെടുത്തെന്ന് വിശദമാക്കുമോ;

(സി) പങ്കാളിത്ത പെൻഷൻ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമായി എന്തു തുക ഇതിനകം ഒടുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പങ്കാളിത്ത പെൻഷൻ ഇനത്തിൽ ജീവനക്കാരുടെയും, സർക്കാരിന്റെയും ആകെ ഗഡുവായി എത്ര തുക നാളിതുവരെ സംസ്ഥാന ട്രഷറിയിലും ബാങ്കുകളിലും മറ്റിതര ഏജൻസികളിലും അടച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) ഏതൊക്കെ ബാങ്കുകളിലാണ് ഈ തുക നിക്ഷേപിച്ചത് എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻകാർക്ക് മിനിമം പെൻഷൻ</u>

2146 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ വിരമിക്കൽ പ്രായം എത്രയാണ്;

(ബി) പങ്കാളിത്തപെൻഷൻ പദ്ധതിയിൽ ഇതുവരെയായി ജീവനക്കാരിൽ നിന്നും എത്ര തുക പിടിച്ചു; ജീവനക്കാരിൽ നിന്നും പിടിച്ച തുകയ്ക്ക് ആനുപാതികമായി സർക്കാർ എത്ര തുക ഇതുവരെയായി ഫണ്ടിൽ നിക്ഷേപിച്ചു;

(സി) പങ്കാളിത്തപെൻഷൻ പദ്ധതിയിൽ ഉള്ള ജീവനക്കാർക്ക് നിലവിലുള്ള പ്രോവിഡന്റ് ഫണ്ടിൽ ചേരാൻ വ്യവസ്ഥയുണ്ടോ;

(ഡി) ഇവർക്ക് മിനിമം പെൻഷൻ, ഫാമിലി പെൻഷൻ, ആശ്രിതനിയമനം തുടങ്ങിയവ വ്യവസ്ഥ ചെയ്യുന്നുണ്ടോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ</u>

2147 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1-1-2004 മുതൽ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ സംസ്ഥാനത്തെ കേന്ദ്ര സർക്കാർ ജീവനക്കാരിൽ നിന്നും എന്തു തുക ശേഖരിക്കാൻ കഴിഞ്ഞെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ജീവനക്കാരുടെ പങ്കാളിത്ത തുക എത്രയാണെന്നും സർക്കാർ പങ്കാളിത്ത തുക എത്രയാണെന്നും വിശദമാക്കുമോ ;

(സി) ഈ തുക ഏതൊക്കെ ബാങ്കുകളിലാണ് നിക്ഷേപിച്ചതെന്ന് വിശമദാക്കുമോ ?

# കേരള നിയമസഭ
## 17.06.2014–ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ ഫണ്ട് മാനേജർ</u>

T2148 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലെ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയത് എന്നുമുതലാണ്;

(ബി) ഇവരുടെ വിരമിക്കൽ പ്രായം എത്രയാണ്;

(സി) സംസ്ഥാന സർവ്വീസ് ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുന്നതിന് ഫണ്ടു മാനേജരായി ആരെയാണ് നിയമിച്ചിട്ടുളളത്;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി സംസ്ഥാന ട്രഷറിയെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(എഫ്) പ്രസ്തുത പെൻഷൻ ഫണ്ട് മാനേജർമാരായി മറ്റ് ഏതൊക്കെ കമ്പനികളാണ് ഉളളത്;

(ജി) എന്തൊക്കെ മാനദണ്ഡങ്ങളാണ് ഇവരെ തെരഞ്ഞെടുക്കുന്നതിനായി ഉണ്ടായിരുന്നത്; തെരഞ്ഞെടുക്കപ്പെട്ട ഏജൻസികളുടെ കാര്യത്തിൽ ഓരോ മാനദണ്ഡവും തൃപ്തികരമായിരുന്നോ എന്ന് അറിയിക്കുമോ;

(എച്ച്) പ്രസ്തുത ഫണ്ട് മാനേജർമാർ ഇത്തരത്തിൽ സമാഹരിക്കുന്ന തുകയ്ക്ക് സംസ്ഥാന സർക്കാർ ഗാരന്റി നൽകിയിട്ടുണ്ടോ;

(ഐ) ഇല്ലെങ്കിൽ ഇവിടെ നിക്ഷേപിക്കപ്പെടുന്ന തുക യഥാർത്ഥത്തിലുളള അവകാശികൾക്കു തന്നെ ലഭിക്കും എന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ചിട്ടുളള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സേവന വേതന വ്യവസ്ഥാ പരിഷ്കരണം</u>

T2149 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ അഞ്ചു വർഷത്തിൽ ഒരിക്കൽ പുതുക്കി നിശ്ചയിക്കുന്ന നടപടിക്രമം നിലവിലുണ്ടോ;

(ബി) ഇവരുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കി നടപ്പാക്കേണ്ടത് എന്നു മുതലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പേറിവിഷൻ അനോമലി</u>

T2150 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ വരെയുള്ള തസ്തികകളിലെ പേറിവിഷൻ അനോമലി പരിഹരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) പുതിയ പേറിവിഷൻ ഉത്തരവ് പുറത്തിറക്കിയതിനുശേഷം എത്ര ഡിപ്പാർട്ടുമെന്റുകളിലെ പേറിവിഷൻ അനോമലി പരിഹരിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പെൻഷൻ വിഹിതം</u>

T2151 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1 ന് ശേഷം സർക്കാർ സർവ്വീസിൽ എത്ര പേർക്കാണ് ജോലി ലഭിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) നിയമനം ലഭിച്ച ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതം പിടിച്ച് തുടങ്ങിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(സി) എന്തു തുകയാണ് ഇതിലൂടെ ലഭിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ഡി. ഡി. ചാർജ് ശമ്പളത്തിൽ നിന്നും പിടിക്കുന്ന രീതി

2152 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ലീവ് സാലറി, പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ അയക്കുന്നതിനുള്ള ഡി. ഡി. ചാർജ് തുച്ഛമായ ശമ്പളത്തിൽ നിന്നും പിടിക്കുന്ന രീതി അവസാനിപ്പിക്കുമോ;

(ബി) സ്വന്തം സ്ഥാപനത്തിൽ ലഭിക്കുമായിരുന്ന പ്രത്യേക ആനുകൂല്യങ്ങൾ പോലും നഷ്ടപ്പെടുത്തി പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്ന ഇവരുടെ ഇതുപോലുള്ള ചെലവുകൾ സർക്കാർ വഹിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട് സിവിൽസ്റ്റേഷൻ അനക്സ് ബിൽഡിംഗ് നിർമ്മാണം</u>

2153 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട് സിവിൽ സ്റ്റേഷൻ അനക്സ് ബിൽഡിംഗ് നിർമ്മാണത്തിന് സാമ്പത്തികാനുമതിക്കായും ഭരണാനുമതിക്കായും ധനകാര്യ വകുപ്പിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട് മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി</u>

2154 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട് മണ്ഡലത്തിലെ 2013-14 ബഡ്ജറ്റിൽ ഉൾപ്പെട്ട തൈച്ചേരി പാലം നിർമ്മാണം, ജീമംഗലം-മുട്ടാർ റോഡിലെ പാലം നിർമ്മിച്ച് റോഡിന്റെ പൂർത്തീകരണം തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ</u>

2155 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യപെൻഷനുകൾ, മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ എന്നാണ് പുറപ്പെടുവിച്ചത്; അതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>കാരുണ്യ ലോട്ടറിയിലൂടെ ധനസഹായം</u>

2156 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ നിന്നും ഏതെല്ലാം രോഗങ്ങൾക്ക് എത്ര വീതം തുകയാണ് അനുവദിക്കുന്നതെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ട രേഖകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എ.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് ഈ ആനുകൂല്യം ലഭ്യമാണോ; വരുമാന പരിധി എത്രയാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഐഡിയോപ്പതിക് ത്രോംബോ സൈറ്റോപെനിക് പർപ്യൂറ</u>

2157 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽപ്പെടുത്തിയ ആശുപത്രികൾ ഏതൊക്കെയാണ്;

(ബി) (ഐ. റ്റി. പി) ഐഡിയോപ്പതിക് ത്രോംബോ സൈറ്റോപെനിക് പർപ്യൂറ പോലെയുള്ള ചികിത്സാചെലവ് കൂടിയ അസുഖങ്ങളെ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് പദ്ധതി - നിര്‍ധനരോഗികള്‍ക്ക് സൗജന്യ ഔഷധ വിതരണം</u>

2158 ശ്രീ. പി.കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കിഡ്നി മാറ്റിവയ്ക്കല്‍, ആന്‍ജിയോ പ്ലാസ്റ്റി, ബൈപ്പാസ് സര്‍ജറി ഇവ കഴിഞ്ഞ രോഗികള്‍ക്കും കാന്‍സര്‍ രോഗം ബാധിച്ച രോഗികള്‍ക്കും, നിത്യേന ഉള്ള മരുന്നുകള്‍ക്ക് നല്ലൊരു തുക ചിലവാകും എന്നതും നിര്‍ദ്ധനരായ വര്‍ക്ക് ആയതിന് മാര്‍ഗ്ഗമില്ലെന്നതും സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ നിര്‍ദ്ധനരും, വാര്‍ഷികവരുമാനം ഒരു നിശ്ചിത തുകയില്‍ അധികരിക്കാത്തവരുമായ ഇത്തരം രോഗികള്‍ക്ക് മാസം തോറും സൗജന്യമായോ, അല്ലെങ്കില്‍ സൗജന്യ നിരക്കിലോ ഇത്തരം മരുന്നുകള്‍ കാരുണ്യ ബനവലന്റ് പദ്ധതിയില്‍ ഉള്‍പ്പെടുത്തി നല്‍കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കില്‍ ആയതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കാരുണ്യ ബെനഫിഷറി പദ്ധതി വ്യവസ്ഥകൾ ഉദാരമാക്കാൻ നടപടി</u>

2159 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനഫിഷറി പദ്ധതിയിൽ ഗുരുതരമായ രോഗങ്ങൾക്ക് വേഗത്തിൽ പണമനുവദിയ്ക്കുന്നതിന് വ്യവസ്ഥ നിലവിലുണ്ടോ;

(ബി) അടിയന്തിര ശസ്ത്രക്രിയക്കു വിധേയമാകേണ്ടിവന്നാൽ ശസ്ത്രക്രിയാനന്തരം അപേക്ഷിച്ചാലും വ്യവസ്ഥ ചെയ്യുമോ;

(ഡി) ഈ പദ്ധതിയുടെ വ്യവസ്ഥകൾ കുറച്ചുകൂടി ഉദാരമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പരിയാരം മെഡിക്കൽ കോളേജിന് കാരുണ്യ ബനവലന്റ് പദ്ധതിയിൽ നിന്നും ലഭിക്കാനുള്ള തുക</u>

2160 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിൽ ഇതുവരെയായി എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ;

(ബി) എത്ര രൂപയുടെ ചികിത്സാ ധനസഹായമാണ് ആശുപത്രിക്ക് നല്കിയത് ;

(സി) ഇനി എത്ര രൂപയുടെ കുടിശ്ശിക ആശുപത്രിക്ക് നൽകാനുണ്ട് ;

(ഡി) സാമ്പത്തികമായി ബുദ്ധിമുട്ടുന്ന പരിയാരം മെഡിക്കൽ കോളേജിന് നൽകാനുള്ള കുടിശ്ശിക എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ രോഗികൾക്ക് സഹായം</u>

2161 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ കാസർഗോഡ് ജില്ലയിലെ എത്ര രോഗികൾക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ എത്ര കോടി രൂപ ഇതുരെ ചെലവായിട്ടുണ്ടെന്നും ഏറ്റവും കൂടുതൽ തുക അനുവദിച്ച ഹോസ്പിറ്റൽ ഏതാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>നാഷണൽ സേവിങ്സ് സ്കീമിലൂടെ വയനാട് ജില്ലയിൽ നിന്നും സമാഹരിച്ച തുക</u>

2162 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം നാഷണൽ സേവിങ്സ് സ്കീമിലൂടെ വയനാട് ജില്ലയിൽ നിന്നും സമാഹരിച്ച തുക എത്രയെന്നു വെളിപ്പെടുത്തുമോ;

(ബി) ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് എത്രകണ്ട് വർദ്ധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) നാഷണൽ സേവിങ്സ് സ്കീമിന്റെ പ്രവർത്തനങ്ങൾ ജില്ലയിൽ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വാണിജ്യ നികുതി പരിഷ്കരണ ശുപാർശകൾ</u>

2163 ശ്രീ. എ. കെ . ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യനികുതി സമയബന്ധിതവും കാര്യക്ഷമവുമായി പിരിച്ചെടുക്കാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചെതെന്ന് വെളിപ്പെടുത്താമോ ;

(ബി) വാണിജ്യനികുതി വകുപ്പ് 2012 ജനുവരി 30ന് ധനമന്ത്രാലയത്തിന് നൽകിയ നികുതി പരിഷ്കരണ ശുപാർശകൾ അടങ്ങിയ പഠന റിപ്പോർട്ട് പ്രകാരമുള്ള കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വാണിജ്യനികുതി ചെക്കുപോസ്റ്റുകളിൽ അഴിമതി</u>

2164 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാണിജ്യനികുതി ചെക്ക്പോസ്റ്റുകളിൽ അഴിമതി കൂടി വരുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) 2013-14, 2014-15 സാമ്പത്തികവർഷം ചെക്ക്പോസ്റ്റുകളിലെ അഴിമതി തടയുവാൻ വാണിജ്യനികുതി ഇന്റലിജൻസ് വിഭാഗം എത്ര പരിശോധനകൾ ഏതെല്ലാം ചെക്ക്പോസ്റ്റുകളിൽ നടത്തി; എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പ് ഓരോ ചെക്ക്പോസ്റ്റുകളിൽ നിന്നും കണ്ടെത്തി; വ്യക്തമാക്കുമോ;

(ഡി) 2013 14 സാമ്പത്തിക വർഷം ചെക്ക്പോസ്റ്റുകളിൽ നിന്നും നികുതിയിനത്തിൽ എത്ര തുക പിരിച്ചെടുക്കുവാനായിരുന്നു ഉദ്ദേശിച്ചിരുന്നത്; എന്ത് തുക പിരിക്കാൻ സാധിച്ചു; വ്യക്തമാക്കുമോ;

(ഇ) 2014-15 നടപ്പുവർഷം ചെക്കുപോസ്റ്റുകളിൽ നിന്നും എത്ര തുക പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നു; ആയത് പ്രകാരം 2014 മെയ് 31 വരെ എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചു;

(എഫ്) ചെക്കുപോസ്റ്റുകളിൽ നിന്നും നികുതി പിരിക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഇന്റലിജൻസ് വിഭാഗം നടത്തിയ പരിശോധനയിൽ അഴിമതി, കൂട്ടുനിൽക്കൽ, കൃത്രിമ ബില്ലുകൾ ഉപയോഗിക്കൽ, തുടങ്ങിയ കുറ്റങ്ങൾ നടത്തിയ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ 2013-14 സാമ്പത്തികവർഷം, 2014-15 നടപ്പുവർഷം നാളിതുവരെയും എപ്രകാരമുള്ള നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ നവീകരണം</u>

2165 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ എണ്ണം എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനായി ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(സി) വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുള്ള പലയിടങ്ങളിലും ഊടുവഴികളിലൂടെ വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന്, കാലികൾ, കോഴികൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, നിരോധിത പുകയില ഉല്പന്നങ്ങൾ എന്നിവ കടത്തുന്നത് വാണിജ്യ നികുതി അന്വേഷണ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; കടത്തലിന് ഉപയോഗിക്കുന്ന ഊടുവഴികൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ഡി) ഇത്തരം കടത്തലിൽ പിടിക്കപ്പെട്ട എത്ര തുകയുടെ നികുതി തുക സർക്കാരിന് 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം കടത്തലുകൾ നിയന്ത്രിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ചെക്ക് പോസ്റ്റുകളിൽ നിന്നല്ലാതെ വാണിജ്യ നികുതി അന്വേഷണ വിഭാഗം 2011-12, 2012-13, 2013-14 വർഷങ്ങളിൽ കണ്ടെത്തിയ നികുതി വെട്ടിപ്പുവഴി ലഭിച്ച പിഴ തുക എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ചെക്ക് പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ സംവിധാനം

2166 ശ്രീ. വി.ഡി. സതീശൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) നികുതി വരുമാനം വർദ്ധിപ്പിക്കുവാനും ചെക്ക്പോസ്റ്റുകളിലെ ഗതാഗതക്കുരുക്ക് നിയന്ത്രിക്കാനും എന്തെല്ലാം സൗകര്യങ്ങൾ പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>2013-14 ലെ വില്പന നികുതി വരുമാനം</u>

2167 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-14 സാമ്പത്തിക വർഷത്തിൽ വില്പന നികുതിയിനത്തിൽ ഏറ്റവുമധികം തുക ലഭിച്ചത് ഏത് മേഖലയിൽ നിന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എത്ര കോടി രൂപയാണ് എന്ന് വെളിപ്പെടുത്താമോ;

(സി) 2013-14 സാമ്പത്തിക വർഷത്തിൽ വില്പന നികുതിയിനത്തിൽ ആകെ ലഭിച്ച തുക വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

അനധികൃത കോഴിക്കടത്ത് തടയുന്നതിന് നടപടി

2168 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെക്ക് പോസ്റ്റുകളിലൂടെയുള്ള അനധികൃത കോഴിക്കടത്ത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യാപകമായി കോഴി കള്ളക്കടത്ത് നടത്തുന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടും നടപടി സ്വീകരിക്കാൻ കഴിയാതെ വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ചില്ലറ നാണയങ്ങൾക്ക് നേരിടുന്ന ക്ഷാമം

2169 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില്ലറ നാണയങ്ങൾക്ക് നേരിടുന്ന ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിന്നും ചില്ലറ നാണയങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് ആഭരണ നിർമ്മാണത്തിനായി കടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇത്തരം പ്രവണതകൾ ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

സർക്കാർ നിയന്ത്രണത്തിലുള്ള ബാങ്കിംഗ് സ്ഥാപനങ്ങൾ

2170 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രണത്തിലുള്ള ട്രഷറി ഇതര ബാങ്കിംഗ് സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാം കാര്യങ്ങൾക്കാണ് വായ്പ അനുവദിക്കുന്നതെന്നും പലിശ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ വേഗത്തിൽ പൊതുജനങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>ട്രഷറികളിൽ സേവനാവകാശ നിയമം</u>

2171 ശ്രീ. റ്റി. എൻ. പ്രതാപൻ
'' പാലോട് രവി
'' വി. ഡി. സതീശൻ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇത് മുഖേന ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കൊപ്പത്ത് സബ് ട്രഷറി ആരംഭിക്കുന്നതിനുള്ള നടപടി</u>

2172 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ കൊപ്പത്ത് ഒരു സബ് ട്രഷറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കൊപ്പം, തിരുവേഗപ്പുറ, വിളയൂർ, കുലുക്കല്ലൂർ എന്നീ നാലു പഞ്ചായത്തുകൾക്ക് പ്രയോജനപ്പെടുന്ന പ്രസ്തുത ട്രഷറി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

പാവറട്ടിയിൽ സബ് ട്രഷറി ആരംഭിക്കുവാൻ നടപടി

2173 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ പാവറട്ടിയിൽ സബ് ട്രഷറി അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ട്രഷറി പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ലോട്ടറി നറുക്കെടുപ്പിന് നൂതന മാർഗ്ഗം

2174 ശ്രീ. കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, പി.എ. മാധവൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നറുക്കെടുപ്പിന് യന്ത്രം ഉപയോഗിക്കുന്ന രീതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആയതിന്റെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഏതെല്ലാം പൊതുമേഖലാസ്ഥാപനങ്ങളാണ് ഇതിനുവേണ്ടി സഹകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) ആയതിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) നറുക്കെടുപ്പിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കുവാൻ അവസരം നൽകുമോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ലോട്ടറി വകുപ്പിലെ ഇ-പെയ്മെന്റ് സംവിധാനം

2175

ശ്രീ. എം. പി. വിൻസെന്റ്
,, പാലോട് രവി
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ലോട്ടറി ഏജന്റുമാർക്ക് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്;

(സി) ഏതെല്ലാം ബാങ്കുകളാണ് ഈ സംരംഭവുമായി സഹകരിക്കുന്നത്; വിശദമാക്കാമോ;

(ഡി) എല്ലാ ജില്ലകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

ലോട്ടറി ടിക്കറ്റുകളുടെ വില വർദ്ധനവ്

2176 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വില്പനയുള്ള ലോട്ടറികൾ ഏതെല്ലാം, ഈ ലോട്ടറി ടിക്കറ്റുകളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ നിലവിലുണ്ടായിരുന്ന വിലയും വർദ്ധിപ്പിച്ച വിലയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ലോട്ടറി ടിക്കറ്റുകൾക്ക് വില വർദ്ധിപ്പിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ലോട്ടറി ടിക്കറ്റുകളിൽ ഷഫ്ളിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമ്പ്രദായത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വില വർദ്ധനയും ഷഫ്ളിംഗ് സമ്പ്രദായവും അശാസ്ത്രീയമായ പരിഷ്കാരവും മൂലം ലോട്ടറി ടിക്കറ്റ് കെട്ടികിടക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഭാഗ്യക്കുറി വില്പന - പുതിയ മാനദണ്ഡങ്ങൾ</u>

2177 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭാഗ്യക്കുറി വില്പന സംബന്ധിച്ച് സർക്കാർ പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഭാഗ്യക്കുറി ടിക്കറ്റിന്റെ വിലയിൽ കുറവു വരുത്തുവാൻ തയ്യാറാകുമോ ;

(സി) ഭാഗ്യക്കുറി നറുക്കെടുപ്പ് ആധുനികവൽക്കരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. ശാഖകളുടെ വിപുലീകരണം</u>

2178 ശ്രീ. ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, ആർ. സെവൽരാജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ.യുടെ എത്ര പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു ;

(ബി) നിലവിൽ ലാഭത്തിലല്ലാത്ത എത്ര ബ്രാഞ്ചുകൾ നിലവിലുണ്ട് ;

(സി) പുതിയ റീജിയണൽ ഓഫീസും സോണൽ ഓഫീസുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര എണ്ണം ;

(ഡി) ഇതിനായി വേണ്ടി വരുന്ന അധിക ചെലവ് എത്രയാണ് ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ അമിത പലിശ ഈടാക്കുന്നുവെന്ന പരാതി

2179 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ യുടെ വായ്പാപദ്ധതികളിൽ ഇടപാടുകാരിൽ നിന്ന് ബ്ളേഡു പലിശ ഈടാക്കുന്നതായി സംസ്ഥാന ആഭ്യന്തര വകുപ്പു കണ്ടെത്തി ബോധ്യപ്പെട്ട സ്ഥിതിക്ക്, ടി വായ്പ പദ്ധതികളെ സംബന്ധിച്ചും കെ.എസ്.എഫ്.ഇയുടെ ആകെ പ്രവർത്തനത്തെകുറിച്ചും ആഭ്യന്തരവകുപ്പിന്റെ ''ഓപ്പറേഷൻ കുബേര''- എന്ന അന്വേഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്രമായ അന്വേഷണം നടത്താൻ ധനവകുപ്പ് ശുപാർശ ചെയ്യുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ യുടെ ലാഭം</u>

2180 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന മൂലധനം എത്ര കോടിയായിരുന്നു;

(ബി) കെ.എസ്.എഫ്.ഇ യുടെ നിലവിലുള്ള ആസ്തി എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ;

(സി) 2013-14 വർഷത്തിലെ ആകെ ലാഭം എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. സെൻട്രൽ എക്സൈസ് വകുപ്പിന് പിഴയൊടുക്കുന്നതിലേയ്ക്ക് നയിച്ച സാഹചര്യം</u>

2181 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-12, 2012-13 വർഷങ്ങളിൽ 'കെ,എസ്.എഫ്.ഇ' യുടെ കണക്കുകളിൽ പിശക് വന്നതിനെത്തുടർന്ന് സെൻട്രൽ എക്സൈസ്ന് കെ.എസ്.എഫ്.ഇ എത്ര രൂപയാണ് അടയ്ക്കേണ്ടി വന്നത്;

(ബി) ഈ തുക നഷ്ടപ്പെട്ടതിന് ഉത്തരവാദികളായവരെക്കുറിച്ച് ഏതെങ്കിലും ഏജൻസിയെക്കൊണ്ട് വിശദമായി അന്വേഷിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) എത്ര തുക നഷ്ടപ്പെട്ടുവെന്നും, ഏത് ഏജൻസിയാണ് അന്വേഷിച്ചത് എന്നുമുള്ളതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ചിട്ടി ബിസിനസിലെ പോരായ്മകൾ</u>

2182 ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.ക്ക് ആകെ എത്ര കോടിയുടെ ചിട്ടി ബിസിനസ് നിലവിലുണ്ട്;

(ബി) ഈ ചിട്ടികളിൽ ആളില്ലാതെ രജിസ്റ്റർ ചെയ്ത ചിട്ടി നമ്പരുകൾ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ എല്ലാ ബ്രാഞ്ചുകളിലും കൂടി എത്ര തുക ഉണ്ട്;

(ഡി) നിലവിലെ കേന്ദ്ര ചിട്ടി നിയമപ്രകാരം ഇത്തരം ചിട്ടികൾ നടത്തുവാൻ നിയമം അനുവദിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ചിട്ടി കമ്പനി ആക്ട് പ്രകാരം പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പ്രവർത്തനം

2183 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിട്ടി കമ്പനി ആക്ട് പ്രകാരം പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു;

(ബി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ടോ;

(സി) കഴിഞ്ഞ വർഷം പാലക്കാട് ജില്ലയിൽ എത്ര സ്ഥാപനങ്ങളിൽ പരിശോധന നടത്തി;

(ഡി) പരിശോധനാറിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ജനങ്ങളെ ബ്ലേഡ് മാഫിയയിൽ നിന്ന് സംരക്ഷിക്കുന്നതിന് നടപടി</u>

2184 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണി ലെന്റേഴ്സ് ആക്ട് പ്രാവർത്തികമായിട്ടുള്ള സംസ്ഥാനത്ത് സാധാരണക്കാരായ ജനങ്ങൾക്ക് ബ്ലേഡ് മാഫിയകളിൽ നിന്നും ഏൽക്കേണ്ടിവരുന്ന ദുരനുഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളെ ബ്ലേഡ് മാഫിയയിൽ നിന്നും സംരക്ഷിക്കുന്നതിന് ആക്ട് പ്രകാരം എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

മണി ലെന്റേഴ്സ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

2185 ശ്രീ. സി. ദിവാകരൻ
'' കെ. രാജു
'' ജി. എസ്. ജയലാൽ
'' ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണി ലെന്റേഴ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങളുണ്ട്;

(ബി) അനധികൃതമായി ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൾ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) മിതമായ പലിശ നിരക്കിൽ സാധാരണക്കാർക്ക് വായ്പ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം വായ്പകൾക്ക് ജാമ്യ വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) നിയമാനുസൃതം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ റിസർവ്വ് ബാങ്ക് ചട്ടപ്രകാരമുള്ള പലിശ മാത്രമാണ് ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>ചട്ടങ്ങൾ പാലിക്കാത്ത പണമിടപാട് സ്ഥാപനങ്ങൾ</u>

T2186 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണപ്പണയം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ബാങ്കല്ലാത്ത പണമിടപാട് സ്ഥാപനങ്ങൾ റിസർവ് ബാങ്ക് ചട്ടങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ഡി) ബാങ്കല്ലാത്ത പണമിടപാട് സ്ഥാപനങ്ങളുടെ പലിശനിരക്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേസിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി</u>

2187 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേസിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ നടപടി യെടുക്കണമെന്നാവശ്യപ്പെട്ട് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ കെ.എസ്.എഫ്.ഇ - എം.ഡി.ക്ക് കത്ത് നൽകിയിട്ടുണ്ടോ; അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്താമോ;

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. യുടെ തിരുവല്ല ബ്രാഞ്ചില്‍ നടന്ന ഡോര്‍ കളക്ഷന്‍ തട്ടിപ്പ്</u>

2188 ശ്രീ. ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.എഫ്.ഇ. യുടെ തിരുവല്ല ബ്രാഞ്ചില്‍ നടന്ന ഡോര്‍ കളക്ഷന്‍ തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ട്;

(ബി) നഷ്ടപ്പെട്ട തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതന്വേഷിച്ച സബ്കമ്മറ്റി ഇതിന് ഉത്തിരവാദിയായി കണ്ടെത്തിയ അന്നത്തെ ജനറല്‍ മാനേജര്‍ക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ ചട്ടങ്ങളിൽ ഇളവ്

2189 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ ബ്ലേഡ് കമ്പനിപോലെ പ്രവർത്തിക്കുന്നതുമൂലം പൊതുജനങ്ങൾ ചിട്ടികൾക്കും, ലോൺ സമ്പാദനത്തിനും സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളെ ആശ്രയിക്കുന്നത് കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്താൻ ധനവകുപ്പ് തയ്യാറാകുമോ; വ്യക്തമാക്കുമോ;

(സി) കെ.എസ്.എഫ്.ഇ യുടെ ചൂഷണത്തിൽ നിന്നും രക്ഷ തേടി 2013-14 സാമ്പത്തിക വർഷം എത്ര പരാതിക്കാർ സംസ്ഥാനത്തെ വിവിധ കോടതികളെ സമീപിച്ചിട്ടുണ്ട്; എത്ര കേസ്സുകളിൽ കെ.എസ്.എഫ്.ഇ പ്രതിയായിട്ടുണ്ട്; ഏതെങ്കിലും കേസ്സുകളിൽ കോടതി വിധി വന്നിട്ടുണ്ടോ; കോടതി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ ;

(ഡി) ഉപഭോക്താക്കളിൽ നിന്നും മുതലിനെക്കാൾ കൂടുതൽ പലിശ ഈടാക്കാൻ പാടില്ലയെന്ന കോടതിവിധി കെ.എസ്.എഫ്.ഇ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സഹകരണ വകുപ്പിൽ പ്രസ്തുത വിധി പാലിച്ച് നടപടി ക്രമങ്ങൾ നടത്തുന്നതുപോലെ കെ.എസ്.എഫ്.ഇ യുടെ കാര്യത്തിലും കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കെ.എസ്.എഫ്.ഇ ഉപഭോക്താക്കളിൽ നിന്നും മുതലിനെക്കാൾ കൂടുതൽ പലിശയായി ഈടാക്കുന്നത് തടയുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ജി) ഇതിനായി കെ.എസ്.എഫ്.ഇ യുടെ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ധനവകുപ്പ് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നിലവിലുള്ളതും പ്രയോഗത്തിലില്ലാത്തതുമായ നിയമങ്ങൾ</u>

2190 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ളതും പ്രയോഗത്തിലില്ലാത്തതുമായ ഏതൊക്കെ നിയമങ്ങളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) നിയമനിർമ്മാണം നടന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും ചട്ടങ്ങൾ നിർമ്മിക്കാത്തതു കാരണം ചില നിയമങ്ങൾ പ്രയോഗത്തിലില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിയമനിർമ്മാണം നടന്ന് 20 വർഷം കഴിഞ്ഞിട്ടും ചട്ടങ്ങൾ രൂപീകരിക്കാത്ത എത്ര നിയമങ്ങളുണ്ട് എന്നും അവ ഏതൊക്കെയാണെന്നും ഇതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കേന്ദ്ര നിയമങ്ങൾക്ക് മലയാളത്തിൽ തർജ്ജമ

2191 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമ വകുപ്പ് ഏതെല്ലാം കേന്ദ്രനിയമങ്ങളാണ് മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് പുറത്തിറക്കിയിട്ടുള്ളത് ;

(ബി) ഏതെല്ലാം നിയമങ്ങൾ ബൈലിംഗ്വൽ ആയി പുറത്തിറക്കിയിട്ടുണ്ട് ;

(സി) ഏതെല്ലാം നിയമങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം</u>

2192 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊയിലാണ്ടിയിൽ ക്വിറ്റ് ഇന്ത്യാ സമരചരിത്ര ബന്ധമുള്ള ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം പണിയുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷ (നം.12842/ഇ3/2013/നി.വ.) യിൽ നിയമവകുപ്പിൽ തുടർന്നുവരുന്ന നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>'എല്ലാവർക്കും വീട്' പദ്ധതി</u>

2193 ശ്രീ. ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പടുത്തി 'എല്ലാവർക്കും വീട്' എന്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>സംസ്ഥാനത്ത് നിലവിലുള്ള ഭവനപദ്ധതികൾ</u>

2194 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഭവനപദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത് ; വിശദവിവരങ്ങൾ നല്കുമോ ;

(ബി) 2013-2014 സാമ്പത്തിക വർഷം ടി പദ്ധതികളിലായി എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി അനുവദിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്;പദ്ധതികൾ തിരിച്ചുള്ള വിശദാംശം നൽകുമോ;

(സി) ടി പദ്ധതിയിൽ ഏതെല്ലാം പദ്ധതികൾക്ക് മുടക്കം വന്നിട്ടുണ്ടെന്നുള്ള വിവരം നല്കുമോ ;

(ഡി) ഓരോ പദ്ധതികൾക്കുമായി എത്ര തുക വീതം കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചുവെന്നുള്ള വിശദാംശം നല്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ</u>

2195 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ ഭവനരഹിതർക്കുവേണ്ടി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിരുന്ന ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ ഓരോപദ്ധതിയിലും വായ്പ തുക തിരിച്ചടവിൽ കുടിശ്ശികക്കാരായി എത്ര പേരുണ്ടെന്ന് പറയാമോ;

(സി) സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരുടെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെയുള്ളവരുടെയും വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സാഫല്യം ഭവനപദ്ധതി</u>

2196 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാഫല്യം ഭവനപദ്ധതി പ്രകാരം ഇതുവരെ എത്രവീടുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ പദ്ധതി പ്രകാരം എത്ര വീടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) ഇതിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സമ്പൂര്‍ണ്ണ പാര്‍പ്പിട പദ്ധതി</u>

2197 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാരിന്റെ ഭരണകാലത്ത് എല്ലാപേര്‍ക്കും സ്വന്തമായി വീടു ലഭ്യമാക്കാന്‍ സമ്പൂര്‍ണ്ണ പാര്‍പ്പിട പദ്ധതി യാഥാര്‍ത്ഥ്യമാക്കുന്നകാര്യം സര്‍ക്കാര്‍ പരിഗണനയിലുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കുള്ള ഭവനപദ്ധതികൾ</u>

2198 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് മാത്രമായി നിലവിലുള്ള ഭവന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിരിക്കുന്ന തുക വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താവാകുന്നതിന് ഹാജരാക്കേണ്ട രേഖകൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ;

(ഡി) ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കായി ഭവന നിർമ്മാണത്തിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്കുള്ള ഹൗസിംഗ് ലോൺ അധികതുകയുടെ പരിധി</u>

2199 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം (2013-2014)ൽ എത്ര ജീവനക്കാർക്ക് ഹൗസിംഗ് ലോൺ അനുവദിച്ചിട്ടുണ്ട്; ഈ ഇനത്തിൽ വിതരണം ചെയ്ത തുകയുടെ വിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ലഭിച്ച വായ്പയിൽ അധികമായി വേണ്ടി വരുന്ന തുകയ്ക്ക് വായ്പാപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ അധികതുക വായ്പ അനുവദിച്ചവരുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണ വകുപ്പിന്റെ പ്രോജക്ടുകൾ</u>

2200 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പിന് കീഴിൽ ഏതൊക്കെ സ്ഥലങ്ങൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ സ്ഥലങ്ങളിൽ പ്രോജക്ടുകൾ നിലവിലുണ്ട് എന്നും ഏതൊക്കെ സ്ഥലങ്ങൾ ഒന്നും ചെയ്യാതെ കിടക്കുന്നുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) നിലവിലുള്ള പ്രോജക്ടുകളിൽ എത്ര വീടുകൾ/ഫ്ളാറ്റുകൾ വിൽപ്പന നടത്താൻ ബാക്കി ഉണ്ട് എന്നും ഇത് എവിടെയൊക്കെയാണെന്നും വിശദമാക്കാമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് തീറാധാരം</u>

2201 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 30 വർഷങ്ങൾക്ക് മുമ്പ് ഹൗസിംഗ് ബോർഡിനു കീഴിൽ ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് തീറാധാരം ഇനിയും നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൽ.എ.ആർ കേസ്സുകൾ തീർന്ന സാഹചര്യത്തിൽ തീറാധാരങ്ങൾ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഇനിയും നിലനില്ക്കുന്നുണ്ടോ ;

(സി) തടസ്സങ്ങൾ നീക്കി തീറാധാരം എന്നേക്ക് നൽകുവാൻ സാധിക്കും എന്നറിയിക്കാമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

പ്രവാസി നിക്ഷേപം

2202 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികളിൽ നിന്നും 2012-2013, 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തേയ്ക്ക് എത്ര കോടി രൂപ വന്നെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസി നിക്ഷേപം സംസ്ഥാനത്തിനു പ്രയോജനകരമായി ഉപയുക്തമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ശ്രീ. കെ. കേളപ്പന് സ്മാരകം

2203 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഗാന്ധി ശ്രീ. കെ. കേളപ്പന് അദ്ദേഹത്തിന്റെ ജന്മ നാട്ടിൽ സ്മാരകം പണിയണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട നിവേദനത്തിൽ ഗ്രാമവികസന വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിലേക്ക് നല്കിയ അപേക്ഷയിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കാമോ ;

(ബി) കേളപ്പജിക്ക് സ്മാരകം പണിയുന്നതിന് ഫണ്ട് വകയിരുത്തുമോ ; വ്യക്തമാക്കാമോ ?